പതിനാലാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *153 — 05.12.2018-ൽ മറുപടിക്ക്

## പ്രളയശേഷമുള്ള പുനർനിർമ്മാണത്തിന് മാസ്റ്റർ പ്ലാൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ. രാജൻ<br>,, വി.ആർ.സുനിൽ കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രളയശേഷമുള്ള പുനർ നിർമ്മാണത്തിന് വിശാലമായ ഒരു മാസ്റ്റർ പ്ലാൻ ഉണ്ടോ; വ്യക്തമാക്കുമോ;<br><br>(ബി) ജനപക്ഷത്ത് നിന്നുള്ള ഒരു വികസന പരിപ്രേക്ഷ്യത്തെ അടിസ്ഥാനമാക്കിയാണോ പ്രസ്തുത മാസ്റ്റർ പ്ലാൻ എന്ന് അറിയിക്കാമോ; വിശദമാക്കുമോ; | (എ) യും (ബി) യും ഉണ്ട്. പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative - RKI) എന്ന ഒരു ബൃഹത് പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 09.11.2018ലെ G.O.(P) No. 16/2018/P&EA ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലൂടെ ജനപക്ഷത്തു നിന്നുള്ള വികസന പരിപ്രേക്ഷ്യം അടിസ്ഥാനമാക്കിയുള്ള പുനർനിർമ്മാണമാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) പുനർനിർമ്മാണ പ്രവർത്തനത്തിൽ സക്രിയവും പരിസ്ഥിതി സൗഹൃദവുമായ ഒരു ഭൂവിനിയോഗ പദ്ധതി നടപ്പിൽ വരുത്തുമോ; വ്യക്തമാക്കുമോ; | (സി) പുനർനിർമ്മാണ പ്രവർത്തനത്തിൽ സക്രിയവും പരിസ്ഥിതി സൗഹൃദവുമായ ഒരു ഭൂവിനിയോഗ പദ്ധതിയാണ് ഉദ്ദേശിക്കുന്നത്.<br>ഗണ്യമായ തോതിൽ പരിസ്ഥിതി സംരക്ഷണ – പ്രകൃതി സൗഹൃദ ഇടപെടലുകൾ ആവശ്യമായ വികസന പദ്ധതികൾ താഴെ പറയുന്നവയാണ്:-<br>(i) കുട്ടനാടിന്റെയും, പുഴയോരങ്ങളുടേയും പാരിസ്ഥിതിക ദുർബ്ബല മേഖലകളുടേയും സംരക്ഷണം<br>*(ii)* രൂക്ഷമായ കടലാക്രമണത്തിനും മനുഷ്യവാസ കേന്ദ്രങ്ങളുടെ നഷ്ടത്തിനും സാധ്യതയുള്ള തീരപ്രദേശങ്ങളുടെ സംരക്ഷണം.<br>*(iii)* ജലശേഖരങ്ങളുടെ സംരക്ഷണത്തിനും പരിപോഷണത്തിനും സുസ്ഥിര ഉപയോഗത്തിനുമുള്ള പ്രവർത്തനങ്ങൾ, കനാലുകളുടെ നീരൊഴുക്ക ശേഷി ഉയർത്തലും പ്രളയസാദ്ധ്യത കുറയ്ക്കലും ഉൾപ്പെടെ.<br>*(iv)* മണ്ണിടിച്ചിൽ സാധ്യത ഒഴിവാക്കുന്നതിനും സംഭവിച്ച ഇടങ്ങളുടെ വീണ്ടെടുപ്പിനുമുള്ള നടപടികൾ, വയനാട്ടിലേയും ഇടുക്കിയിലേയും മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും സാധ്യതയുള്ള പ്രദേശങ്ങളുടെ പരിസ്ഥിതി |

സൗഹൃദ-സുസ്ഥിര വികസനവും ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിൽ നിന്ന് ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

| | |
|---|---|
| (ഡി) പുനർനിർമ്മാണത്തിന് ലോകത്തെ വിവിധ ഭാഗങ്ങളിലെ പുനർനിർമ്മാണ അനുഭവങ്ങൾ, സംസ്ഥാനത്തെ വിവിധ ഗവേഷണ സ്ഥാപനങ്ങൾ, സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള വിദഗ്ദ്ധർ എന്നിവരുടെ നിർദ്ദേശങ്ങൾ എന്നിവ കണക്കിലെടുക്കുമോ; വ്യക്തമാക്കുമോ? | (ഡി) നൂതന വികസനാശയങ്ങളുടെ സമാഹരണത്തിനും വികസനത്തിനുമായി താഴെപ്പറയുന്ന പ്രവർത്തന പദ്ധതിയാണ് RKI മുന്നോട്ടു വയ്ക്കുന്നത്: |

1) **വികസന സെമിനാറുകൾ:** മേഖലാ, പ്രാദേശിക തലങ്ങളിലായി അച്ചടി-ദൃശ്യ മാധ്യമങ്ങളുമായി ചേർന്ന് വികസന സെമിനാറുകൾ നടത്തുന്നതാണ്. ദുരിത ബാധിത ജില്ലകളിൽ, അതാതിടത്തെ സംസ്ഥാന നിയമസഭയിലേയും കേന്ദ്ര പാർലമെന്റിലേയും തെരഞ്ഞെടുത്ത ജനപ്രതിനിധികളുടെ നേതൃത്വത്തിൽ, മെച്ചപ്പെട്ട പുനർനിർമ്മാണ ആശയങ്ങളുടെ രൂപീകരണത്തിനായി അർത്ഥ പൂർണ്ണമായ സംവാദങ്ങൾ നടത്തണം. ഇങ്ങനെ രൂപീകരിക്കപ്പെടുന്ന ആശയങ്ങൾ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധരുടെ സഹായത്തോടെ വിശദമായി പരിശോധിച്ച് പ്രോജക്ട് ആശയങ്ങളായി മാറ്റുന്ന നടപടി RKI സെക്രട്ടേറിയറ്റാണ് നിർവ്വഹിക്കുക. തുടർന്ന് അവ നിർവ്വഹണ സാധ്യമായ പദ്ധതികളായി വികസിപ്പിക്കപ്പെടും. വളരെ ആകർഷകമായ ഒരു നൂതനാശയം, ഒരു പ്രോജക്ട് രൂപത്തിലേക്ക് എളുപ്പത്തിൽ മാറ്റാനാകാതെ വരുന്ന അവസരത്തിൽ, പ്രസ്തുത ആശയത്തിന്റെ നിർവ്വഹണാത്മകത ഉറപ്പാക്കുന്നതിന് ആവശ്യമായ സാധ്യതാ പഠനങ്ങളും ഏറ്റെടുക്കുന്നതാണ്.

2) **ആശയരൂപീകരണം:** സവിശേഷ മേഖലകളുമായി ബന്ധപ്പെട്ടും പുനർനിർമ്മാണ ആശയങ്ങളെക്കുറിച്ചും പ്രത്യേകമായ ഹാക്കത്തോണുകൾ സംഘടിപ്പിക്കുന്നതാണ്. ഇവ പ്രധാനമായും സംസ്ഥാനത്തിനു പുറത്തു വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധരായ കേരളീയരിൽ നിന്നുള്ള വികസനനിർദ്ദേശങ്ങളുടെ സമാഹരണം ലക്ഷ്യമാക്കിയായിരിക്കും.

3) **ആശയവിനിമയം:** തങ്ങളുടെ പ്രദേശത്തെ പുനർനിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നൂതന ആശയങ്ങൾ രൂപീകരിക്കാനും സംവദിക്കാനുമായി സ്കൂൾ / കോളേജ് തലങ്ങളിൽ അനുയോജ്യമായ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രോത്സാഹിപ്പിക്കും.

4) **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തുന്ന പദ്ധതികൾ:** ഒന്നിലേറെ തദ്ദേശഭരണസ്ഥാപനങ്ങൾ ഉൾപ്പെടുന്നതും പ്രസ്തുത മേഖലയുടെ പൊതു ആവശ്യമായതുമായ രണ്ടോ മൂന്നോ മുഖ്യ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ ജില്ലാ പഞ്ചായത്തുകളും മുൻസിപ്പൽ കോർപ്പറേഷനുകളും രൂപീകരിക്കുന്നതാണ്.

5) **സർക്കാർ വകുപ്പുകൾ കണ്ടെത്തുന്ന പദ്ധതികൾ:** ജല അതോറിറ്റി, ജലസേചന വകുപ്പ്, പൊതുമരാമത്തു വകുപ്പ് തുടങ്ങിയവരോട് അവരുടെ വാർഷിക പദ്ധതി ബജറ്റിന് ഉപരിയായി, സംസ്ഥാനത്തിന്റെ ഭാവിവികസനത്തിന് പൊതുവേ ദൃശ്യവും ഗുണാത്മകവുമായ മാറ്റമുണ്ടാക്കാവുന്നതും ദുരന്തസാദ്ധ്യതയുള്ള പ്രദേശങ്ങൾക്ക കരുത്തുള്ള സഹായസംവിധാനം ആകാവുന്നതുമായ നിർണ്ണായക പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്.

ആശയരൂപീകരണ ഹാക്കത്തോണുകളുടെ നടത്തിപ്പ്, നവീനാശയ കൈമാറ്റങ്ങൾക്കുള്ള വേദി, പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കൽ, പദ്ധതി പരിശോധനകളും അംഗീകാരങ്ങളും എന്നിവയൊക്കെ കൈകാര്യം ചെയ്യാനുള്ള ഓൺലൈൻ സംവിധാനം താമസംവിനാ തയ്യാറാക്കി പ്രവർത്തനക്ഷമമാക്കും.

മേൽപ്പറഞ്ഞ ഓൺലൈൻ സംവിധാനത്തിന്റെ ഭാഗമായി നിർവ്വഹണത്തിനായി നിർദ്ദേശിക്കപ്പെടുന്ന പദ്ധതികളുടെ ഗുണഭോക്തൃ സ്വീകാര്യത അറിയുന്നതിനായുള്ള ഇ-പോളിങ് സംവിധാനം ലഭ്യമാക്കും. RKI ലെ എല്ലാ പദ്ധതികളും ഉപദേശക സമിതിയുടേയും മന്ത്രിതല സമിതിയുടേയും അംഗീകാരത്തിനു സമർപ്പിക്കുന്നതിനു മുമ്പായി ഒന്നോ രണ്ടോ ആഴ്ച പദ്ധതി കൂട്ടാളികളുടെ അഭിപ്രായങ്ങൾക്കായി പ്രസ്തുത ഓൺലൈൻ സംവിധാനത്തിൽ അപ് ലോഡ് ചെയ്യും. പോർട്ടൽ വഴി ലഭ്യമാക്കുന്ന വിവിധ നിർദ്ദേശങ്ങൾക്ക് ഇത്തരത്തിൽ തത്പര കൂട്ടാളികളുടെ സ്വീകാര്യതകൂടി കണ്ടെത്തി പരിഗണിക്കുന്നത് പദ്ധതി തെരഞ്ഞെടുപ്പിന്റെ നീതിയുക്തതയും കരുത്തും വർദ്ധിപ്പിക്കുന്ന നടപടിയാകും.

**സെക്ഷൻ ഓഫീസർ**